ശ്രീ. സി. മൊയീൻ കുട്ടി : സർ, ചുമട്ടുതൊഴിലാളികൾ ഈ രംഗത്തു നിന്ന് പല കാരണങ്ങളാലും പിരിയുന്ന സന്ദർഭത്തിൽ തൊഴിലെടുക്കാനുള്ള അവരുടെ അവകാശം വൻതുകയ്ക്ക് വിൽപ്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

3 (* 329) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ദുരിതാശ്വാസ നിധി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേക ദുരിതാശ്വാസ നിധി എപ്പോഴാണ് നിലവിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തൊക്കെയാണ്;

(സി) ഏതൊക്കെ സന്ദർഭങ്ങളിലാണ് പ്രസ്തുത നിധിയിൽനിന്ന് സഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രത്യേക ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി എന്തു തുകയാണ് ഇപ്പോൾ അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇത് വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഹൃദയശസ്ത്രക്രിയയ്ക്ക് ദുരിതാശ്വാസനിധിയിൽനിന്ന് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ദുരിതാശ്വസ നിധിയിൽനിന്ന് സഹായം നൽകുന്ന പദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, (എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്കായി 9.1.98-ലും പട്ടികവർഗ്ഗക്കാർക്കായി 25.11.98-ലും ദുരിതാശ്വാസ നിധി നിലവിൽവന്നു.

(ബി) 25000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ചികിത്സയ്ക്ക് പരമാവധി 25,000 രൂപ വരെ നൽകുന്നതാണ്. ഇങ്ങനെ ധനസഹായം ലഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവമൂലമുണ്ടാകുന്ന അത്യാവശ്യ ചെലവുകൾക്ക് പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. ഇതിനും ജാതി സർട്ടീഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റവന്യൂ അധികാരികളുടെ ശുപാർശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(സി) കുടുംബത്തിലെ വരുമാനദായകൻ രോഗംമൂലം മരണപ്പെടുക, ദീർഘകാല ചികിത്സ ആവശ്യമായി വരിക, തീപിടിത്തമുണ്ടാകുക പ്രകൃതി ക്ഷോഭമുണ്ടാകുക തുടങ്ങിയ അത്യാവശ്യ സന്ദർഭങ്ങളിലാണ് ധനസഹായം നൽകുന്നത്.

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി 25000 രൂപ ചികിത്സാ ധനസഹായമായും തീപിടിത്തം, പ്രകൃതി. ക്ഷോഭം തുടങ്ങിയ അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ 10,000 രൂപ വരെയും നൽകിവരുന്നുണ്ട്. പ്രസ്തുത തുക വർദ്ധിപ്പിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) ഹൃദയ ശസ്ത്രക്രിയ്ക്ക് ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി 25,000 രൂപവരെ നൽകിവരുന്നുണ്ട്. ആശുപത്രി അധികൃതരിൽനിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നത്.

(എഫ്)&(ജി) ഇപ്പോൾ പദ്ധതിയിൽനിന്ന് മാറ്റിവയ്ക്കുന്ന തുകയാണ് ഇതിന് വിനിയോഗിക്കുന്നത്. നിധിയിലേക്ക് സംഭാവനകൾ ലഭിക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് സഹായം നൽകാനാവും.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഗവൺമെന്റിന്റെ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഒരു പദ്ധതിയാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ദുരിതാശ്വാസനിധി. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് കേരളത്തിലെ സാധാരണക്കാരായ പട്ടികജാതിക്കാരുടെ ഏറ്റവും വലിയ അംഗീകാരം കിട്ടിയ ഒരു ക്ഷേമനിധിയാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് ഈ കാലയളവിനുള്ളിൽ എത്രപേർക്ക് ഈ നിധിയിൽനിന്ന് സഹായം നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഈ നിധി രൂപീകരിച്ചതിനുശേഷം ആയിരത്തിയഞ്ഞൂറോളം പേർക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഹൃദയ ശസ്ത്രക്രിയയ്ക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് ഇരുപത്തയ്യായിരം രൂപ സാമ്പത്തികസഹായം നൽകാറുണ്ടെന്ന് പറഞ്ഞു. ഇരുപത്തയ്യായിരം രൂപ എന്നുള്ളത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഈ പദ്ധതി നിലവിൽ വന്നത് ഇപ്പോഴാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, ദുരിതാശ്വാസ നിധിയിലേയ്ക്ക് കൂടുതൽ പണം കിട്ടിയാൽ കൂടുതൽ പേർക്ക് സഹായം കൊടുക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കാമെന്ന അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് എന്ന് തോന്നുന്നു. അതിനായി പ്രത്യേക നിധി സ്വരൂപിക്കാനും ആ നിധിയിലേയ്ക്ക് സ്ഥാപനങ്ങളിൽനിന്നും പ്രമുഖ വ്യക്തികളിൽനിന്നും സംഭാവന ലഭിക്കത്തക്കവിധത്തിലുള്ള നടപടിയെടുക്കാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? ഈ പദ്ധതി കേരളത്തിലെ മാതൃകാപരമായ ഒരു പദ്ധതിയെന്ന നിലയിൽ പണം സ്വരൂപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് നടപടി സ്വീകരിച്ച് ഏറ്റവും കൂടുതൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഈ നിധിയിലേയ്ക്ക് കൂടുതൽ ഫണ്ട് കണ്ടെത്താൻ വിവിധ മാർഗ്ഗങ്ങൾ ആരായുന്നകാര്യം പരിശോധിച്ചതിനു ശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഹൃദയ ശസ്ത്രക്രിയ വളരെ കൂടുതൽ ചെലവുള്ള ചികിത്സയാണ്. മെഡിക്കൽ കോളേജുകളിൽ വളരെ അപൂർവ്വമായിട്ടാണ് ഹൃദയ ശസ്ത്രക്രിയ നടക്കുന്നത്. അവിടെപ്പോലും എഴുപത്തയ്യായിരം, എൺപതിനായിരം രൂപ ബാദ്ധ്യത വരുന്ന ഒരു ചികിത്സയാണിത്. ഈ സ്ഥിതി കണക്കിലെടുത്ത് മറ്റൊരു മാർഗ്ഗവുമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഹൃദയ ശസ്ത്രക്രിയയ്ക്ക് വേണ്ടിവരുന്ന ബാദ്ധ്യത പൂർണ്ണമായും നിർവ്വഹിക്കത്തക്കവിധത്തിൽ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഇരുപത്തയ്യായിരം രൂപ മുതൽ നാൽപ്പതിനായിരം രൂപ വരെയാണ് കൊടുക്കുന്നത്. ഇവിടെ മാക്സിമം ഇരുപത്തയ്യായിരം രൂപ കൊടുക്കുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് പറയാം.

ശ്രീമതി എൻ.കെ. രാധ : സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ദുരിതാശ്വാസ നിധി ഏർപ്പെടുത്തിയശേഷം എത്ര രൂപ ഇതുവരെ കൊടുക്കാൻ കഴിഞ്ഞു?

ശ്രീ. കെ. രാധാകൃഷ്ണൻ : ഏകദേശം അറുപത്തയ്യായിരം രൂപ ഇതുവരെയായി ദുരിതാശ്വാസ നിധിയിൽനിന്ന് കൊടുത്തിട്ടുണ്ട്.

ശ്രീമതി എൻ.കെ. രാധ : സർ, കാടുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൃഷികൾ വന്യമൃഗങ്ങൾ നശിപ്പിക്കുകയും വന്യമൃഗങ്ങളുടെ ആക്രമണ ഫലമായി അവർ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സഹായം കൊടുക്കാൻ ഇതിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വന്യമൃഗങ്ങളുടെ ആക്രമണത്തിനു വിധേയരാകുന്നവർക്ക് ഉടൻതന്നെ സഹായമെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി നശിച്ചാൽ സാമ്പത്തികസഹായം കൊടുക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ.കെ. മണി : സർ, പട്ടികജാതി-പട്ടികവർഗ്ഗം എന്നുള്ള പേര് മാറ്റി ദളിത് ജാതി എന്നാക്കാൻ നടപടിയെടുക്കുമോ; പട്ടികജാതി-പട്ടികവർഗ്ഗത്തിന് ഉപജാതി ഒരുപാടുണ്ട്. അതിനാൽ ദളിത് എന്ന ഒറ്റജാതിയാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ദുരിതാശ്വാസ നിധിയിൽ വരുന്ന കാര്യമല്ല.

ശ്രീ. ജോസ് ബേബി : സംസ്ഥാനത്തെ ഏറെ ആദിവാസികൾ താമസിക്കുന്ന പ്രദേശമാണ് അട്ടപ്പാടി. അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ പാടവയൽ എന്ന വില്ലേജിൽ ഒരു വാർഡിൽ മാത്രം ഏകദേശം 14 ആദിവാസികൾക്ക് ഒരു പ്രത്യേകതരം അസുഖം വന്ന് കാല് മുറിച്ചുകളയേണ്ടിവന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കാല് മുറിച്ചുകളഞ്ഞ ആളുകൾക്ക് ചികിത്സാ സംവിധാനങ്ങളോ മറ്റു സൗകര്യങ്ങളോ കൊടുക്കാൻ കഴിയുന്നില്ല. യഥാർത്ഥത്തിൽ ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാത്ത ആളുകളാണ് അവർ. ഇത്തരം ആളുകളെ ചികിത്സിക്കുവാനും സംരക്ഷിക്കുവാനും അതോടൊപ്പം തന്നെ അവർക്ക് സ്ഥിരം വരുമാനമാർഗ്ഗം എന്നുള്ള നിലയ്ക്ക് ഒരു പെൻഷൻ സ്കീം നടപ്പിലാക്കുന്നതിനും പട്ടികവർഗ്ഗക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ ഒരു നീതിയെന്ന നിലയിൽ അത്തരം ഒരു സമീപനത്തിന് ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : പാടവയലിലെ ആദിവാസികളുടെ കാര്യം വളരെ വിശദമായി പരിശോധിച്ച് അവർക്ക് ആവശ്യമായ എല്ലാ സഹായവും ചെയ്യുന്നതാണ്.

ഡോ. എം.എ. കുട്ടപ്പൻ : ഈ പദ്ധതിയിൻകീഴിൽ മുഖ്യമായും രോഗബാധിതർക്കും പ്രകൃതിക്ഷോഭത്തിന് ഇരയായവർക്കുമാണ് ആശ്വാസം കൊടുക്കുന്നത്. എന്നാൽ പട്ടികജാതിക്കാർക്കുവേണ്ടി തങ്ങളുടെ പുരുഷായുസ്സു മുഴുവൻ പ്രവർത്തിച്ച് ക്ഷേമം നടത്തി ജീവിക്കാൻ മാർഗ്ഗം ഇല്ലാതെ കഷ്ടപ്പെടുന്ന ഒട്ടേറെ ആളുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. ഞാനിത് പറയുന്നത് പട്ടികജാതിയുടെ സംവരണാനുകൂല്യത്തോടെ ജോലി ലഭിച്ച ഒട്ടേറെ ആളുകൾ തങ്ങളുടെ ഐഡന്റിറ്റി പോലും റിവീൽ ചെയ്യാൻ മടിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അതിന് വ്യത്യസ്തമായി സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി അത്മാർത്ഥമായി പണിയെടുത്ത് പുരുഷായുസ്സ് ചെലവഴിച്ച ആളുകൾ ഇന്ന് പ്രായമൊക്കെയായി ജീവിക്കാൻ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്നുണ്ട്. അങ്ങനെയുള്ള 60 വയസ് കഴിഞ്ഞവർക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : കേരളത്തിൽ 60 വയസ്സു കഴിഞ്ഞ വിവിധ തരത്തിലുള്ള ക്ഷേമ പദ്ധതികളുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എസ്.സി./എസ്.ടി വിഭാഗങ്ങളിൽപ്പെട്ടവർക്ക് മാത്രമായി ഇത്തരം ഒരു ക്ഷേമ പദ്ധതി കൊണ്ടുവരുന്നതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്.

4 (* 330) സഹകരണ ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. പി. രാഘവൻ :

ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മേഖലയിലെ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി ആവശ്യമെന്ന് കരുതുന്നുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സഹകരണ ആശുപത്രികൾക്ക് ഒരു ഫെഡറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly